(എഫ്) നഴ്സുമാരുടെ അധ്വാനഭാരം കുറയ്ക്കാൻ നടപടി കൈക്കൊള്ളുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആറ് കിടക്കകൾക്ക് ഒരു നഴ്സ് എന്നതാണ് ഇപ്പോൾ നിലവിലുള്ള മാനദണ്ഡം.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇപ്പോൾ 317 സ്റ്റാഫ് നഴ്സുമാരും 88 ഹെഡ് നഴ്സുമാരും ഉൾപ്പെടെ 405 പേർ സേവനം അനുഷ്ഠിക്കുന്നു.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) ജനറൽ വിഭാഗത്തിൽനിന്നും നഴ്സുമാരെ സ്പെഷ്യൽ യൂണിറ്റിലേയ്ക്ക് മാറ്റുന്നതുകൊണ്ട് ഒഴിവുകൾ ഉണ്ടാകാറില്ല.

(എഫ്) അധ്വാനഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രധാനപ്പെട്ട ആശുപത്രികളിൽ നഴ്സുമാർക്ക് 3 ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

119 (745) ഡോക്ടർമാരെ ഗ്രാമീണ ആശുപത്രികളിൽ നിയമിക്കാൻ നടപടി

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഡോക്ടർമാർ ഗ്രാമീണാശുപത്രികളിൽ ഒരു വർഷം നിർബന്ധിത സേവനം നടത്തണമെന്ന സർക്കാർ ഉത്തരവ് പ്രകാരം ഡോക്ടർമാരെ ഗ്രാമീണ ആശുപത്രികളിൽ നിയമനം നടത്തുവാൻ നടപടികളാരംഭിക്കുമോ;

(ബി) ഇങ്ങനെ വരുന്ന ഡോക്ടർമാർ അകാരണമായി അവധിയിൽ പ്രവേശിച്ചാലും ഒരു വർഷം കർശന സേവനം നടത്തണമെന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള ഉത്തരവുകൾ പ്രകാരം ആരോഗ്യവകുപ്പിലെ ഡോക്ടർമാർ ഗ്രാമീണ ആശുപത്രികളിൽ രണ്ടുവർഷം സേവനമനുഷ്ഠിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം ഡോക്ടർമാരെ ഗ്രാമീണ ആശുപത്രികളിൽ നിയമിക്കാറുണ്ട്.

(ബി)&(സി) രണ്ടുവർഷത്തെ സേവനം എന്നുള്ളത് യഥാർത്ഥ സേവനത്തെ ഉദ്ദേശിച്ചാണെന്നും കാഷ്വൽ ലീവും പ്രസവാവധിയുമല്ലാതെ മറ്റൊരവധിയും സേവനമായി കണക്കാക്കുകയില്ല എന്നും നിലവിലുള്ള ഉത്തരവിൽ എടുത്തുപറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly